ചെമ്പ് പഞ്ചായത്തിൽ ബ്രഹ്മമംഗലം മേഖലകളിലേക്കുള്ള 35.70 കിലോമീറ്റർ ദൈർഘ്യമുള്ള ജലവിതരണ ശൃംഖലയുടെ പ്രവൃത്തി പൂർത്തീകരിച്ചു. ചെമ്പ് മേഖലകളിലേയ്ക്കുള്ള 12.498 കിലോമീറ്റർ ദൈർഘ്യമുള്ള ജലവിതരണ ശൃംഖലകളുടെ പ്രവൃത്തി 95% പൂർത്തീകരിച്ചു. കാട്ടിക്കുന്ന് മേഖലകളിലേക്കുള്ള 4.821 കിലോമീറ്റർ ദൈർഘ്യമുള്ള ജലവിതരണ ശൃംഖലയുടെ പണി 98% പൂർത്തീകരിച്ചു.

മറവൻതുരുത്ത് പഞ്ചായത്തിൽ ടോൾ ജംഗ്ഷനിൽ നിർമ്മിക്കുന്ന 4 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല സംഭരണിയുടെ പ്രവൃത്തി 40% പൂർത്തീകരിച്ചു. മറവൻതുരുത്തിൽ നിർമ്മിക്കുന്ന 2 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല സംഭരണിയുടെ നിർമ്മാണം 70% പൂർത്തീകരിച്ചു. മറവൻതുരുത്ത് മേഖലകളിലേക്കുള്ള 32.458 കിലോമീറ്റർ ദൈർഘ്യമുള്ള ജലവിതരണ ശൃംഖലയുടെ 75% പ്രവൃത്തി പൂർത്തീകരിച്ചു. ചെമ്മനാകരി മേഖലകളിലേക്കുള്ള 46.328 കിലോമീറ്റർ ദൈർഘ്യമുള്ള ജലവിതരണ ശൃംഖലയുടെ പ്രവൃത്തി 80% പൂർത്തീകരിച്ചു.

(ബി) ചെമ്പ് പഞ്ചായത്തിൽ ബ്രഹ്മമംഗലം മേഖലകളിലേയ്ക്കുള്ള ജലവിതരണ ശൃംഖലയുടെ പ്രവൃത്തി പൂർത്തിയാക്കി ജലവിതരണം നടത്തുന്നുണ്ട്. കാട്ടിക്കുന്ന്, ചെമ്പ് മേഖലകളിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പ് ലൈനുകൾ ഏകദേശം പൂർത്തിയാക്കി ഭാഗികമായി ജലവിതരണം നടത്തുന്നുണ്ട്.

(സി) മേൽ പ്രവൃത്തികളെല്ലാം അടിയന്തരമായി പൂർത്തീകരിച്ച് വരൾച്ചാ കാലത്ത് ജലവിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശിവപുരം-തില്ലങ്കേരി ശുദ്ധജല വിതരണ പദ്ധതിക്ക് നബാർഡ് ധനസഹായം

212 (904) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ ശിവപുരം-തില്ലങ്കേരി ശുദ്ധജല വിതരണ പദ്ധതിക്ക് നബാർഡ് ധനസഹായം ലഭ്യമാക്കുവാനുള്ള നിർദ്ദേശം നബാർഡിന് സമർപ്പിക്കുകയുണ്ടായോ ; എങ്കിൽ എത്ര രൂപയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചത്;

(ബി) പ്രസ്തുത നിർദ്ദേശത്തിന് നബാർഡിന്റെ അംഗീകാരം ലഭിക്കുകയുണ്ടായോ എന്നും തുടർ നടപടികൾ ഏതുഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഈ പദ്ധതി 2014-15-ലെ നബാർഡ് ധനസഹായത്തിനുള്ള പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly